# കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ
# (ഹാജർ: ഒ.മീനാകുമാരി അമ്മ)

വിഷയം: പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കൊല്ലം ജില്ല - അലയമൺ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി.സി.എസ്.സീമയുടെ അനധികൃത ഹാജരില്ലായ്മ - സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2009-ലെ എ1-546/08 നമ്പർ കത്ത്.
(2)ഈ ആഫീസിലെ 22.08.2011-ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ.
(3)അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.10.2011-ലെ എ1-4103/2011 നമ്പർ കത്ത്.
(4) ഈ ആഫീസിലെ 12.02.2015-ലെ ഇതേ നമ്പർ ഉത്തരവ്.
(5)അഞ്ചൽ പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസറുടെ 06.05.2015-ലെ ജെഎസ്3/48/2015 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
(6) ഈ ആഫീസിൽ നിന്നും 18.05.2015-ൽ ഇതേ നമ്പരായി പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസ്.
(7) ഈ ആഫീസിലെ 01.10.2019-ലെ ഡി1-8750/2009(2) നമ്പർ കത്ത്.

## ഉത്തരവ് നമ്പർ ഡി1-8750/09 തീയതി: 02.11.2019

അലയമൺ ഗ്രാമപഞ്ചായത്ത് ക്ലാർക്കായി സേവനമനുഷ്ടിക്കവേ ശ്രീമതി.സി.എസ്.സീമയ്ക്ക് അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 03/12/2008 മുതൽ 3 മാസത്തേയ്ക്ക് ശൂന്യവേതന അവധി അനുവദിച്ചു നൽകിയിരുന്നു. തുടർന്ന് 3 മാസത്തേയ്ക്ക് കൂടി ശൂന്യവേതനാവധിയ്ക്ക് അപേക്ഷ സമർപ്പിച്ചതായും ആയത് അനുവദിക്കാൻ നിർവ്വാഹമില്ലായെന്നും അവധി അപേക്ഷ നിരസിക്കുകയാണെന്നും 7 ദിവസത്തിനകം ജോലിയ്ക്ക് ഹാജരാകണമെന്നും കാണിച്ച് ശ്രീമതി.സി.എസ്.സീമയ്ക്ക് കത്ത് നൽകിയെങ്കിലും ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കാതെ കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടുനിന്നതായി അലയമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇപ്രകാരം കൃത്യവിലോപത്തിനും അച്ചടക്കലംഘനത്തിനും ഉത്തരവാദിയായ ശ്രീമതി.സി.എസ്.സീമയെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം ടിയാൾക്കെതിരെ കുറ്റാരോപണ മെമ്മോ പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ടി കുറ്റാരോപണ മെമ്മോ ശ്രീമതി.സി.എസ്.സീമയുടെ മേൽവിലാസത്തിൽ അയച്ചു നൽകിയെങ്കിലും ടിയാൾ ഇന്ത്യയ്ക്ക് വെളിയിലായതിനാൽ മെമ്മോ കൈപ്പറ്റാതെ മടങ്ങി വന്നതായി പരാമർശം (3) പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

പരാമർശ വിഷയത്തിൽ കെസിഎസ്(സിസി&എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം അനിവാര്യമാണെന്ന് കണ്ട് അപ്രകാരം അന്വേഷണം നടത്തുന്നതിന് പരാമർശം (4) പ്രകാരം അഞ്ചൽ പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ ശ്രീ.എസ്.എസ്.ശിവപ്രസാദിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് ഉത്തരവാകുകയും ആയതിൻപ്രകാരം പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും

ചെയ്തു. ശ്രീമതി.സി.എസ്.സീമ ഇപ്പോഴും വിദേശത്തായതിനാൽ വിചാരണയ്ക്ക് ഹാജരായിട്ടില്ലെന്നും ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കാതിരുന്നത് കടുത്ത അച്ചടക്കലംഘനവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയുമാണെന്നും ടിയാൾക്കെതിരെ 1960-ലെ കെസിഎസ്(സിസി&എ) ചട്ടങ്ങൾ പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനെ തുടർന്ന് ശ്രീമതി.സി.എസ്.സീമയെ ടിയാൾ ജോലിക്ക് ഹാജരാകാതിരുന്ന 02.03.2009 തീയതി പ്രാബല്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം II(i)(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് ടിയാളുടെ സ്ഥിരമേൽവിലാസത്തിൽ അയച്ചുനൽകിയെങ്കിലും ആയത് കൈപ്പറ്റാതെ ടിയാൾ വിദേശത്താണെന്ന കുറിപ്പോടെ മടങ്ങിവന്നിട്ടുള്ളതാണ്.

പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസും എച്ച്5 ഫോമും 2 ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി ബഹു: ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിന് അയച്ചുനൽകുകയും ആയത് മാദ്ധ്യമം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് റിലീസ് ഓർഡർ നൽകിയിട്ടുള്ളതും ആയത് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കാരണം കാണിക്കൽ നോട്ടീസും എച്ച്5 ഫോമും വകുപ്പുതല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീമതി.സി.എസ്.സീമ നാളിതുവരെയും ആയതിനെതിരെ യാതൊരു മറുപടിയും ഫയൽ ചെയ്തിട്ടില്ലാത്തതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം II(i)(vii) പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ആയിരുന്ന ശ്രീമതി.സി.എസ്.സീമയെ ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 02.03.2009 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം

ശ്രീമതി.സി.എസ്.സീമ,
ക്ലാർക്ക് (സസ്പെൻഷനിൽ),
അലയമൺ ഗ്രാമപഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

പകർപ്പ്: (1) സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത്
(2) കരുതൽ / അധികം